**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4936** **11-08-2021 - ൽ മറുപടിയ്ക്ക്**

**അവയവദാന മേഖലയിലെ അഴിമതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവം ദാനം നല്കുന്നതും സ്വീകരിക്കുന്നതും സംബന്ധിച്ച തീരുമാനമെടുക്കുന്നതിൽ വരുന്ന കാലതാമസം തടയുവാനും പ്രസ്തുത മേഖലയിലുള്ള അഴിമതികളും കച്ചവടവും ഇല്ലാതാക്കുവാനുമായി ഈ സർക്കാർ സ്വീകരിക്കുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | അവയവദാനവും കൈമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനായി 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനു കീഴിൽ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനും ഇതിനെ 1955 ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക്, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരു സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതുവഴി ജില്ലാതല അംഗീകാര സമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ് |
| (ബി) | ഇതിനായി നിയോഗിക്കപ്പെട്ട ജില്ലാതല അംഗീകാര സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | അവയവദാനവും കൈമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനായി 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനു കീഴിൽ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനും ഇതിനെ 1955 ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക്, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരു സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതുവഴി ജില്ലാതല അംഗീകാര |

| | | | |
|---|---|---|---|
| | | | സമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ് |
| (സി) | പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ പ്രധാന തട്ടിപ്പുകൾ എന്തെല്ലാമെന്നും ഇത്തരം തട്ടിപ്പുകളിൽ ഉൾപ്പെട്ട എത്ര പേരെ കണ്ടെത്തി നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ